I/311143/2023

**കേരള എക്സൈസ് വകുപ്പ്.**
**"മാതൃഭാഷ-മലയാളം"**

**അധി : എക്സൈസ് കമ്മീഷണറുടെ (ഭരണം) നടപടി ക്രമം,കേരള ,തിരുവനന്തപുരം**

വിഷയം : **കേരള എക്സൈസ് -ഭരണവിഭാഗം-വകുപ്പ്- എക്സൈസ് പ്രിവന്റീവ് ഓഫീസർ തസ്തികയിൽ നിന്നും അസിസ്റ്റന്റ് എക്സൈസ് ഇൻസ്പെക്ടർ തസ്തികയിലേക്ക് താൽക്കാലിക സ്ഥാനക്കയറ്റം നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.**

പരാമർശം:
1. 14.07.2023 ലെ ബഹു.കേരള ഹൈക്കോടതിയുടെ OP(KAT) 57/2023 നമ്പർ ഉത്തരവ്.
2. ബഹു.കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിന്റെ 21.07.2023 ല OA(EKM) 702/2023 നമ്പർ കേസിലെ ഉത്തരവ്.
3. 30.01.2023 ലെ എഫ്1/339/2022/നി.വ നമ്പർ സർക്കാർ കത്ത്.
4. 31.08.2022 ലെ EXC/1074/2016/XD3 നമ്പർ ഉത്തരവ്.
5. 24.06.2023 ലെ ശ്രീ.സുരേഷ്.എസ് സമർപ്പിച്ച അപേക്ഷ.
6. 27.07.2023 ലെ ശ്രീ.സുരേഷ്.വി സമർപ്പിച്ച അപേക്ഷ.

**നമ്പർ.ഇ.എക്സ്.സി/5577/2022/എക്സ്.ഡി3 തീയതി: 14-09-2023**

പരാമർശം 3 സർക്കാർ കത്ത് പ്രകാരം പ്രിവന്റീവ് ഓഫീസർ തസ്തികയിൽ നിന്നും അസിസ്റ്റന്റ് എക്സൈസ് ഇൻസ്പെക്ടർ തസ്തികയിലുള്ള ഒഴിവുകളിൽ ഭരണപരമായ അടിയന്തര സാഹചര്യം കണക്കിലെടുത്ത് 01.01.2009 മുതൽ 19.08.2011 വരെയുള്ള എക്സൈസ് പ്രിവന്റീവ് ഓഫീസർമാരുടെ സംസ്ഥാനതല അന്തിമ സീനിയോറിറ്റി ലിസ്റ്റിലുൾപ്പെട്ട പ്രിവന്റീവ് ഓഫീസർമാരെ ക്രമം പാലിച്ച് യോഗ്യരായവർക്ക് KS&SSR ഭാഗം II ചട്ടം 31 (a)(i) പ്രകാരം അസിസ്റ്റന്റ് എക്സൈസ് ഇൻസ്പെക്ടർമാരായി താൽക്കാലിക സ്ഥാനക്കയറ്റം നൽകുന്നതിനുള്ള സർക്കാർ അനുമതിയുടെ അടിസ്ഥാനത്തിലും, കൂടാതെ പരാമർശം 1 പ്രകാരം സീനിയോറിറ്റി സംബന്ധമായി നിലവിൽ ബഹുമാനപ്പെട്ട കേരള ഹൈക്കോടതിയുടെ പരിഗണനയിലുള്ള OP(KAT) നം. 57/2023 ൽ അസിസ്റ്റന്റ് എക്സൈസ് ഇൻസ്പെക്ടർ തസ്തികയിലേക്ക് KS&SSR ഭാഗം II ചട്ടം 31 (a)(i) പ്രകാരം താൽക്കാലിക സ്ഥാനക്കയറ്റം നൽകാവുന്നതാണെന്ന് 14.07.2023 ലെ ഇടക്കാല വിധിയുടേയും സാഹചര്യത്തിൽ പരാമർശം 4 പ്രകാരമുള്ള സീനിയോറിറ്റി ലിസ്റ്റിലുൾപ്പെട്ട യോഗ്യരായ പ്രിവന്റീവ് ഓഫീസർമാരെ KS&SSR ഭാഗം II ചട്ടം 31 (a)(i) പ്രകാരം അസിസ്റ്റന്റ് എക്സൈസ് ഇൻസ്പെക്ടർ തസ്തികയിലേക്ക് താഴെ പറയുന്ന വ്യവസ്ഥകൾ പ്രകാരം താൽക്കാലിക സ്ഥാനക്കയറ്റം നൽകി നിയമിച്ച് ഉത്തരവാകുന്നു.

1. താൽക്കാലിക സ്ഥാനക്കയറ്റങ്ങൾ സീനിയോറിറ്റി സംബന്ധമായി നിലവിലുള്ള കോടതി കേസുകളിലെയും, ബഹുമാനപ്പെട്ട കേരള ഹൈക്കോടതിയുടെ OP(KAT) 57/2023 നമ്പർ കേസിന്റെയും അന്തിമ വിധി ന്യായങ്ങൾക്ക് വിധേയമായിരിക്കും.

2. പ്രസ്തുത താൽക്കാലിക സ്ഥാനക്കയറ്റങ്ങൾ മൂലം സ്ഥാനക്കയറ്റം നേടുന്ന തസ്തികയിൽ സീനിയോറിറ്റി , പ്രൊബേഷൻ എന്നിവക്ക് അർഹത ഉണ്ടായിരിക്കുന്നതല്ല, കൂടാതെ ഭാവിയിൽ ടി തസ്തികയിലേക്കുള്ള റെഗുലർ സ്ഥാനക്കയറ്റങ്ങൾക്ക് അവകാശവാദം ഉന്നയിക്കുന്നതിനും ടി താൽക്കാലിക സ്ഥാനക്കയറ്റം ലഭിച്ചവർക്ക് അർഹതയുണ്ടായിരിക്കുന്നതല്ല.